## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4509** — **13.11.2019-ൽ മറുപടിയ്ക്ക്.**

## മലപ്പുറം ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ ക്ഷീരഗ്രാമംപദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | 2019-20-ൽ മലപ്പുറം ജില്ലയിലെ ആനക്കല്ല് ഗ്രാമ പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2018-19-ൽ കണ്ണമംഗലം, വട്ടംകുളം എന്നീ പഞ്ചായത്തുകളിലും ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് നിരോധിച്ചിട്ടുളള പാൽ കമ്പനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ രണ്ടു വർഷമായി ഗുണമേന്മയില്ലാത്തതിന്റെ പേരിൽ പാൽ ബ്രാൻഡുകൾ / കമ്പനികൾ ഒന്നുംതന്നെ നിരോധിച്ചിട്ടില്ല. |
| (സി) | നിരോധിച്ച കമ്പനികൾ പാൽ വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**